LIBRARY ARCHIVES Kerala Legislative Assembly

**റെയിൽവേ ക്രോസുകളുടെ നിലവാരം**

64 (3218) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റെയിൽവെ ക്രോസുകളുടെ നിലവാരം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തിൽ ആകെ എത്ര റെയിൽവേ ക്രോസുകളുണ്ടെന്നും അവയിൽ എത്ര എണ്ണത്തിന് മേൽപ്പാലങ്ങളുണ്ടെന്നും എത്ര കാവൽക്കാരില്ലാത്ത റെയിൽ ക്രോസുകളുണ്ടെന്നും അറിയിക്കുമോ;

(സി) ഈ പോരായ്മ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആളില്ലാ ലെവൽ ക്രോസ്സുകളിലെല്ലാം ആളെ നിയമിക്കണമെന്ന് മുമ്പ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇപ്പോൾ ആളില്ലാ ലെവൽ ക്രോസ്സുകളൊന്നും തന്നെ സംസ്ഥാനത്തില്ല.

(ബി&സി) ആകെ റെയിൽവേ ക്രോസ്സുകളുടെ എണ്ണം - 294

മേൽപ്പാലങ്ങളുടെ എണ്ണം - 113

കാവൽക്കാരില്ലാത്ത റെയിൽ ക്രോസ്സുകൾ- ഇല്ല.

**റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ**

65 (3219) ശ്രീ. എളമരം കരീം :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. എസ്. ശർമ്മ :

ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പല പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പഴകിയ ബോഗികൾ നൽകിയും യാത്രാസുരക്ഷിതത്വം ഉറപ്പുവരുത്താതെയും സംസ്ഥാനത്തെ അവഗണിക്കുന്നുവെന്ന വസ്തുത കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നതിനെപ്പറ്റിയുള്ള നിലപാട് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്ത് തുടർനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?